(എ) സംസ്ഥാന റെഡ് ക്രോസ് സൊസൈറ്റി ജനറൽ നഴ്സിംഗ് കോഴ്സ് നടത്തുന്നുണ്ടോ ; എങ്കിൽ കോഴ്സ് തുടങ്ങിയത് എന്നു മുതൽ ;

(ബി) ഈ കോഴ്സ് നടത്തുന്നതിന് ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ അനുമതി നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) റെഡ് ക്രോസ് സൊസൈറ്റി അനധികൃതമായി നഴ്സിംഗ് കോഴ്സ് നടത്തുന്നതായി 2000-ൽ പരാതി ലഭിക്കുകയുണ്ടായി.

(ബി) ഇല്ല.

(സി) ബാധകമല്ല.

സ്റ്റാഫ് നഴ്സുമാരുടെ നിയമനം നടത്തുന്നതിന് നടപടി

35(1849) ശ്രീ. പി. ജെ. ഫ്രാൻസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിലെ സ്റ്റാഫ് നഴ്സുമാരുടെ നിയമനത്തിന് വേണ്ടി പരീക്ഷ നടത്തുമ്പോൾ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു ;

(ബി) 20-5-2000-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) താത്ക്കാലികാടിസ്ഥാനത്തിൽ 50-ൽ അധികം ജീവനക്കാർ ഈ തസ്തികയിൽ തുടരുമ്പോഴും എന്തുകൊണ്ട് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താത്തതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒഴിവുകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

തിരുവനന്തപുരം	111
എറണാകുളം	15
കോഴിക്കോട്	102
തൃശ്ശൂർ	48
വയനാട്	6

(ബി) വേക്കൻസി റിപ്പോർട്ട് താഴെപ്പറയുന്നു.

തിരുവനന്തപുരം	17
ആലപ്പുഴ	41
കൊല്ലം	2

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്	41
കോട്ടയം	10
കോഴിക്കോട്	5
മലപ്പുറം	7
കണ്ണൂർ	26
വയനാട്	7
കാസർഗോഡ്	13

(സി) ജില്ലാതലത്തിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലെങ്കിൽ മാത്രമേ ആ ജില്ലയിൽ താൽക്കാലിക ജീവനക്കാർ സർവ്വീസിൽ തുടരുകയുള്ളൂ. ജില്ലമാറി നിയമനം നടത്താത്തതിനാൽ മെത്തം അൻപതിൽ (50) കൂടുതൽ വേക്കൻസി ഉണ്ടാകും.

ജെ.എച്ച്.ഐ. കോഴ്സിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

36(1850) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ ഫാമിലി വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നടത്തുന്ന സ്ഥാപനത്തിൽ പ്രസ്തുത കോഴ്സ് ഇപ്പോഴും നടക്കുന്നുണ്ടോ ;

(ബി) ആരോഗ്യ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ എത്ര ശതമാനം പേരെയാണ് പ്രസ്തുത വകുപ്പിൽനിന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സിന് തെരഞ്ഞെടുക്കുന്നത് ;

(സി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും ജെ. എച്ച് .ഐ. കോഴ്സിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദീകരിക്കാമോ ;

(ഡി) ഏറ്റവും അവസാനമായി ഏതുവർഷം സർവ്വീസിൽ പ്രവേശിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽനിന്നാണ് ജെ.എച്ച്.ഐ. കോഴ്സിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽനിന്നും 4 പേരെയാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സിന് തെരഞ്ഞെടുക്കുന്നത്.

(സി) എസ്.എസ്.എൽ.സി. പാസ്സായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സർവീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് ജെ.എച്ച്.ഐ. പരിശീലനത്തിന് തെരെഞ്ഞെടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly